90 (592) ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എം. മുരളി :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണ്; ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് ഇവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയാണ്;

(ബി) ഇവയിൽ ഓരോന്നും 1999 മാർച്ച് 31 വരെ ചെലവാക്കിയ തുക എത്രയാണ്;

(സി) ചെലവു ചെയ്യാനുള്ള കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ എന്നുവരെയാണ് നീട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99-ൽ ജനകീയാസൂത്രണ പദ്ധതിക്കായി 950 കോടി രൂപ അനുവദിച്ചു:

ഗ്രാമപഞ്ചായത്തുകൾക്ക് - 549.54 കോടി രൂപ.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് - 135.02 കോടി രൂപ.

ജില്ലാ പഞ്ചായത്തുകൾക്ക് - 142.67 കോടി രൂപ

ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ 1998-99 ലെ സംസ്ഥാന ബഡ്ജറ്റിന്റെ അനുബന്ധം 4-ൽ അനുബന്ധം 1-ൽ 47 മുതൽ 104 വരെ പുറങ്ങളിൽ ലഭ്യമാണ്.

(ബി) 1998-99 ലെ ജനകീയാസൂത്രണ പദ്ധതിയിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോന്നും ചെലവഴിച്ച തുകയുടെ സമാഹൃത വിവരങ്ങൾ ലഭ്യമായിട്ടില്ല.

(സി) കാലാവധി നീട്ടിക്കൊടുത്തിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

91 (593) ജനകീയാസൂത്രണ പദ്ധതി ചെലവുകളുടെ ആഡിറ്റ്

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി ചെലവുകൾ ഏതു വർഷം വരെയുള്ളത് ആഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി ചെലവുകൾ ഏതെങ്കിലും വർഷത്തേക്ക് പൂർണ്ണമായും ആഡിറ്റ് ചെയ്ത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതു വർഷത്തേയ്ക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആഡിറ്റ് ചെയ്തതിൽ എത്ര ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്;

(ഇ) ക്രമക്കേടുകൾ വരുത്തിയ പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 വർഷംവരെയുള്ള ചെലവുകൾ ഓഡിറ്റ് ചെയ്തുവരുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ആഡിറ്റ് റിപ്പോർട്ടുകൾ കിട്ടിയിട്ടില്ല. കിട്ടിയ റിപ്പോർട്ടുകളിൽ ചില ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ആഡിറ്റ് റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ബന്ധപ്പെട്ടവരുടെ വിശദീകരണം തേടിയിരിക്കുകയാണ്. അവ ലഭ്യമായിക്കഴിഞ്ഞാൽ മാത്രമേ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമുള്ളൂ.

92 (594) ജനകീയാസൂത്രണ പദ്ധതിപ്രകാരം ചെലവാക്കുന്ന തുകയുടെ പാറ്റേൺ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിപ്രകാരം കൃഷി, വ്യവസായം, മറ്റു ഉൽപാദന രംഗങ്ങൾ, സാമൂഹ്യസേവനം, സാമൂഹ്യവികസനം എന്നീ ഓരോ മേഖലകളിലും എത്ര ശതമാനം തുക വീതം ചെലവഴിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ചെലവിന്റെ ഈ പാറ്റേണിന് മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഏതുവിധത്തിൽ എന്നും വ്യക്തമാക്കുമോ;

(ഡി) തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പദ്ധതികൾക്ക് ആക്കം നൽകുവാനും അതിന് കൂടുതൽ തുക വകയിരുത്തുവാനും നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 40-50 ശതമാനം ഉൽപാദനമേഖലയ്ക്കും 30-40 ശതമാനം സേവനമേഖലയ്ക്കും 10-30 ശതമാനം പശ്ചാത്തലമേഖലയ്ക്കും വകയിരുത്തണമെന്നും നഗരസഭാ സ്ഥാപനങ്ങൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 40-50 ശത

LIBRARY ARCHIVES Kerala Legislative Assembly